NR-75 GR-600(38)

No.U6-91580/2018/PHQ,
Police Headquarters,
Thiruvananthapuram,
Dated: 12-07-2018

## Circular No. 19/2018

Sub:- The Criminal Law (Amendment) Ordinance, 2018 (Ordinance No.2 of 2018) – legislative changes brought to the notice of all officers for information and compliance – reg.

Criminal Law (Amendment) Ordinance, 2018 was promulgated by the President of India on 21-04-2018 and is in force now. The Ordinance amends the Indian Penal Code, 1860, the Protection of Children from Sexual Offences Act, 2012 (POCSO), the Code of Criminal Procedure, 1973 and the Indian Evidence Act, 1872 with regard to the rape of minors.

### Major Amendments to the Indian Penal Code

02. The Ordinance introduces three new non-bailable offences in the Indian Penal Code, viz., **376AB** (Punishment for rape on woman under twelve years of age), **376DA** (Punishment for gang rape on woman under sixteen years of age), **376DB** (Punishment for gang rape on woman under twelve years of age). The minimum punishment for rape amounting to seven years u/s 376(3) has been enhanced to ten years. The maximum punishment awardable for the offence of rape u/s 376AB is death. Consequential amendments in relation to the modifications in the IPC and the introduction of the three new sections are also effected to the Code of Criminal Procedure, 1973, the Indian Evidence Act, 1872 and the POCSO.

Major Amendments to the Code of Criminal Procedure, 1973

03. *The Ordinance has reduced the time for completion of investigation in relation to rape of a child u/s 173(1A) Cr PC from three months to two months* from the date on which the information was recorded by the officer in charge of the police station.

04. Under section 197 Cr PC prosecution sanction is not required for offences like rape. This provision has been extended to cover rape or gang rape of minor girls below twelve years and below sixteen years of age.

05. The Ordinance amends sections 374 and 377 Cr PC by inserting sub-section (4) in each which provide that any appeal against a sentence related to rape cases shall be disposed of **within six months** from the date of filing of such appeal.

06. The provisions u/s 438 Cr PC with regard to anticipatory bail are amended by inserting sub-section (3) therein which provides that the provision *of anticipatory bail shall not be applicable to the arrest of any person accused of having committed an offence u/s 376(3) or 376AB or 376DA or 376DB* of the IPC, i.e., offences of rape or gang rape of minor girls below 12 years and below 16 years of age.

07. In section 439(1) Cr PC, a second proviso has been added which provides that the High Court or the Court of Sessions shall, before granting bail to a person who is accused of an offence u/s 376 (3) or 376AB or 376DA or 376DB of the IPC, give notice of the application for bail to the Public Prosecutor within a period of fifteen days from the date of receipt of the notice of such application. The newly inserted sub-section (1A) to section 439 further makes the presence of the informant or any person authorized by him

obligatory at the time of hearing of the application for bail to the person accused u/s 376 (3) or 376AB or 376DA or 376DB of the IPC.

08. The legislative changes brought about by the Ordinance are to be noted and complied with by all officers concerned. A copy of the Ordinance has been uploaded in the Police Website for information and compliance.

12/7/2018

**LOKNATH BEHERA, IPS.,**
Director General of Police &
State Police Chief.

To

All District Police Chiefs and SHOs.

Copy to : ADGPs(Zones)/ADGP (Crimes)/ADGP(Bns)/ADGP (Int)/ ADGP (SCRB)/Range DIsG/SP Railways.

-1500 | 13/7/18

NR-76 GR-600 (38)

നം.യു-6/91580/2018/പി.എച്ച്.ക്യു
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം 695010
തീയതി: 12.07.2018

സർക്കുലർ നമ്പർ .19/2018

വിഷയം - 2018-ലെ ക്രമിനൽ നിയമ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 2 -ാം ഓർഡിനൻസ്) - എല്ലാ ഉദ്യോഗസ്ഥരും അറിയുന്നതിനും അനുവർത്തിക്കുന്നതിനുമായ് നിയമ ഭേദഗതികൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതു-സംബന്ധിച്ച്.

ഇൻഡ്യൻ പ്രസിഡൻറ് 21.04.2018-ൽ വിളംബരം ചെയ്ത 2018-ലെ ക്രമിനൽ നിയമ(ഭേദഗതി) ഓർഡിനൻസ് നിലവിൽ പ്രാബല്യത്തിലുണ്ട്. 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം,2012-ലെ കുട്ടികളെ ലൈംഗികകുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്(Protection of Children from Sexual Offences Act, 2012/POCSO) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത 1872-ലെ ഇൻഡ്യൻ തെളിവു നിയമം എന്നീ നിയമങ്ങളിലെ വ്യവസ്ഥകളിൽ ഒരു മൈനർ ബലാൽസംഗത്തിനിരയാകുന്ന തരത്തിലുള്ള കേസുകൾ സംബന്ധിച്ച് ഭേദഗതി വരുത്തുന്നതാണ് ഈ ഓർഡിനൻസ്.

ഇൻഡ്യൻ ശിക്ഷാനിയമത്തിലെ പ്രധാന ഭേദഗതികൾ

02. ഇൻഡ്യൻ ശിക്ഷാനിയമത്തിൽ മൂന്ന് പുതിയ ജാമ്യം അനുവദിക്കേണ്ടതല്ലാത്ത കുറ്റങ്ങൾ ഓർഡിനൻസ് പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുണ്ട്, അതായത്, 376 AB(12 വയസ്സിനു താഴെയുള്ള പെൺകുട്ടിയെ ബലാൽസംഗം ചെയ്യുന്നതിനുള്ള ശിക്ഷ) 376 DA (16 വയസ്സിനു താഴെയുള്ള പെൺകുട്ടിയെ കൂട്ടബലാൽസംഗത്തിനിരയാക്കുന്നതിനുള്ള ശിക്ഷ) 376 DB (12 വയസ്സിനു താഴെയുള്ള പെൺകുട്ടിയെ കൂട്ടബലാൽസംഗത്തിനിരയാക്കുന്നതിനുള്ള ശിക്ഷ). ഇൻഡ്യൻ ശിക്ഷാനിയമം 376 (3) വകുപ്പുപ്രകാരമുള്ള ഏറ്റവും കുറഞ്ഞ ശിക്ഷയായ 7 വർഷമെന്നത് 10 വർഷമായി ഉയർത്തിയിട്ടുണ്ട്. IPC 376 AB വകുപ്പിൻ കീഴിൽ ബലാൽസംഗകുറ്റത്തിന് നൽകാവുന്ന പരമാവധി ശിക്ഷ മരണമാണ്. ഇൻഡ്യൻ ശിക്ഷാ നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികളുമായി ബന്ധപ്പെട്ടും മൂന്ന് പുതിയ വകുപ്പുകൾ പ്രയോഗത്തിൽ കൊണ്ടുവന്നതു നിമിത്തമുണ്ടായിട്ടുള്ളതുമായ ആനുഷംഗികമായ ഭേദഗതികൾ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത, 1872-ലെ ഇൻഡ്യൻ തെളിവുനിയമം, POCSO എന്നിവയിലും വരുത്തിയിട്ടുണ്ട്.

1973-ലെ ക്രിമിനൽ നടപടിനിയമസംഹിതയിലെ പ്രധാന ഭേദഗതികൾ

03. Cr.PC 173 (IA) വകുപ്പിൻ കീഴിൽ ഒരു കുട്ടി ബലാൽസംഗം ചെയ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി നിലവിൽ മൂന്ന്മാസമെന്നത് ഓർഡിനൻസ് പ്രകാരം ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ വിവരം രേഖപ്പെടുത്തുന്ന തീയതി മുതൽ രണ്ടുമാസമായിരിക്കുമെന്ന് കുറവ്ചെയ്ത് നിജപ്പെടുത്തിയിട്ടുണ്ട്.

04. Cr.Pc 197-ാം വകുപ്പ് പ്രകാരം ബലാൽസംഗം പോലെയുള്ള കുറ്റങ്ങൾക്ക് പ്രോസിക്യൂഷൻ അനുമതി ആവശ്യമില്ല. ഈ വ്യവസ്ഥ ഓർഡിനൻസ് പ്രകാരം 12 വയസ്സിനും 16 വയസ്സിനും താഴെയുള്ള മൈനർ പെൺകുട്ടികളെ ബലാൽസംഗത്തിനോ കൂട്ടബലാൽസംഗത്തിനോ ഇരയാക്കുന്നതിലേക്കും ബാധകമാക്കിയിട്ടുണ്ട്.

05. ക്രിമിനൽ നടപടിനിയമസംഹിതയിലെ 374, 377 എന്നീ വകുപ്പുകളിൽ, ബലാൽസംഗ കേസുകളുടെ ശിക്ഷയുമായി ബന്ധപ്പെട്ട ഏതൊരു അപ്പീലും, അപ്പീൽ ഫയൽ ചെയ്യുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ തീർപ്പാക്കിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന (4-)ാം ഉപവകുപ്പ് ഓർഡിനൻസ് പുതുതായി കൂട്ടിച്ചേർക്കുന്നു.

06. ക്രിമിനൽ നടപടി നിയമസംഹിതയിലെ 438-ാം വകുപ്പുമായി ബന്ധപ്പെട്ട മുൻകൂർ ജാമ്യ വ്യവസ്ഥകളിൽ, ഇൻഡ്യൻ ശിക്ഷാനിയമം 376(3) 376 AB, 376 DA, 376 DB അതായത്, 12 വയസ്സിനും 16 വയസ്സിനും താഴെയുള്ള മൈനർ പെൺകുട്ടികളെ ബലാൽസംഗത്തിനോ കൂട്ടബലാൽസംഗത്തിനോ ഇരയാക്കുന്നതുമായി ബന്ധപ്പെട്ട കുറ്റങ്ങൾ, എന്നിവയിൽ ഏതൊരു വകുപ്പു പ്രകാരവും കുറ്റാരോപിതനായി അറസ്റ്റ് ചെയ്യപ്പെടുന്ന യാതൊരു വ്യക്തിക്കും മുൻകൂർ ജാമ്യവ്യവസ്ഥകൾ ബാധകമാകുന്നതല്ലായെന്നു വ്യവസ്ഥ ചെ.യ്യുന്ന (3)ാം ഉപവകുപ്പ് ഓർഡിനൻസ് കൂട്ടിച്ചേർക്കുന്നു.

07. ഇൻഡ്യൻ ശിക്ഷാനിയമം 376(3) 376 AB, 376 DA, 376 DB എന്നിവയിലേതെങ്കിലും വകുപ്പു പ്രകാരം കുറ്റാരോപിതനായിട്ടുള്ള വ്യക്തിക്ക് ജാമ്യം അനുവദിക്കുന്നതിനുമുമ്പായി ഹൈക്കോടതി അല്ലെങ്കിൽ സെഷൻസ് കോടതി ജാമ്യാപേക്ഷയിൻമേലുള്ള നോട്ടീസ് പബ്ലിക് പ്രോസിക്യൂട്ടർക്ക് അപേക്ഷയിൻമേലുള്ള നോട്ടീസ് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്ന രണ്ടാം ക്ലിപ്ത നിബന്ധന ക്രിമിനൽ നടപടി നിയമസംഹിതയുടെ 439(1)-ാം വകുപ്പിൽ കൂട്ടിച്ചേർക്കുന്നു. കൂടാതെ 439-ാം വകുപ്പിൽ ഓർഡിനൻസ് പ്രകാരം പുതിയതായി കൂട്ടിച്ചേർക്കപ്പെട്ട (IA) ഉപവകുപ്പ് ഇൻഡ്യൻ ശിക്ഷാനിയമം 376 (3) , 376 AB, 376 DA, 376 DB എന്നിവയിലെതെങ്കിലും വകുപ്പു പ്രകാരം കുറ്റാരോപിതനായ വ്യക്തിയുടെ ജാമ്യാപേക്ഷ കേൾക്കുന്ന സമയത്ത് വിവരം നൽകിയ വ്യക്തിയുടേയോ(informat)

അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റൊരു വ്യക്തിയുടേയോ സാന്നിദ്ധ്യം നിയമബദ്ധമായിരിക്കുന്നതാണെന്ന് വ്യവസ്ഥചെയ്യുന്നു.

08. ഓർഡിനൻസുപ്രകാരം നിലവിൽ വന്നിട്ടുള്ള നിയമഭേദഗതികൾ എല്ലാ ഉദ്യോഗസ്ഥരും മനസ്സിലാക്കേണ്ടതും അനുവർത്തിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. ഓർഡിനൻസിന്റെ ഒരു പകർപ്പ് ഏവരുടേയും അറിവിനും അനുവർത്തനത്തിനുമായി പോലീസ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുന്നു.

12/7/2018

ലോകനാഥ് ബെഹ്റ, ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ- എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, SHO മാർക്കും

പകർപ്പ്- എ ഡി ജി പി (zones) എ ഡി ജി പി (ക്രൈംസ്) എ ഡി ജി പി (Bns)
എ ഡി ജി പി ( Int.) എ ഡി ജി പി (SCRB) റെയ്ഞ്ച് ഐ ജി മാർ/
എസ്.പി (റെയിൽവെയ്സ്)
പി.എച്ച്.ക്യൂ വിലെ എല്ലാ ഓഫീസർമാർക്കും

TW - 1500 | 13/7/18

JA